പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2239 — 18.6.2013-ൽ മറുപടിക്ക്

**കേരള ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ജീവനക്കാരുടെ ശമ്പള കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** കേരള ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) കഴിഞ്ഞ സർക്കാരിൻെറ കാലയളവിൽ ജീവനക്കാരുടെ ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഒരു ദീർഘകാല കരാർ ഉണ്ടാക്കിയിരുന്നോ എന്നു പറയാമോ; എങ്കിൽ ഇത് നടപ്പിലാക്കിയോ എന്നു പറയാമോ; എന്തു കാരണത്താലാണ് ഈ കരാർ ലംഘിച്ചത് എന്നു വ്യക്തമാക്കാമോ; | **(എ)** കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) കഴിഞ്ഞ സർക്കാരിൻെറ കാലയളവിൽ ജീവനക്കാരുടെ ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഒരു ദീർഘകാല കരാർ ഉണ്ടാക്കിയിരുന്നു. നടപ്പിലാക്കിയിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| **(ബി)** ഔഷധ നിർമ്മാണ രംഗത്ത് ഏറ്റവും കുറഞ്ഞ വേതനത്തിന് ജോലി ചെയ്യുന്ന തൊഴിലാളികളാണ് കെ.എസ്.ഡി.പി.യിലുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011-12 കാലയളവിൽ കെ.എസ്.ഡി.പി രണ്ടുവർഷം ലാഭകരമായി പ്രവർത്തിച്ചിട്ടും കരാർ പ്രകാരം ജീവനക്കാർക്കും തൊഴിലാളികൾക്കും നൽകേണ്ട വേതന വർദ്ധനവ് നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | **(ബി)** ഉണ്ട്; പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് മുമ്പ് ധനകാര്യ വകുപ്പിൻെറയും, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൻെറയും പരിശോധനയും അംഗീകാരവും ആവശ്യമാണ്. ഇക്കാരണങ്ങളാൽ കെ.എസ്.ഡി.പി-യിൽ വേതന വർദ്ധനവ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

Adithyab

സെക്ഷൻ ഓഫീസർ